പുതിയ തൊഴിൽ ചട്ടങ്ങൾ

"സ്റ്റാർട്ടപ്പുകൾക്കും ബാധകം

പാർലമെന്റ് പാസാക്കിയ പുതിയ 4 വേജ് കോഡുകൾ സംബന്ധിച്ച വായനക്കാരുടെ സംശയങ്ങൾക്ക് ഹൈക്കോടതി അഭിഭാഷകനും തൊഴിൽനിയമ വിദഗ്ധനുമായ **അഡ്വ. സി.ബി.മുകുന്ദൻ** മറുപടി നൽകുന്നു

അഡ്വ. സി.ബി. മുകുന്ദൻ

? *പുതിയ നിയമപ്രകാരം എത്ര രൂപവരെ ശമ്പളമുള്ളവർക്ക് ഇഎസ്ഐ ആനുകൂല്യത്തിന് അർഹതയുണ്ട്?*

നിലവിലെ നിയമമനുസരിച്ച് 21,000 രൂപ വരെ ശമ്പളമുള്ളവർക്കു മാത്രമാണ് ഇഎസ്ഐ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. പാർലമെന്റ് അംഗീകരിച്ച സോഷ്യൽ സെക്യൂരിറ്റി കോഡിന്റെ (സാമൂഹിക സുരക്ഷാ ചട്ടം) റൂളുകൾ പ്രഖ്യാപിച്ചായി മാത്രമേ 21,000 രൂപ എന്ന ശമ്പളപരിധിയിൽ എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോ എന്ന റിയാൻ കഴിയൂ.

? *പുതിയ നിയമപ്രകാരം ഗ്രാറ്റുവിറ്റി കണക്കാക്കുന്ന മാനദണ്ഡം.*

പുതിയ നിയമത്തിലും നിലവിലെ വ്യവസ്ഥകൾ അനുസരിച്ചുതന്നെയാണ് ഗ്രാറ്റുവിറ്റി കണക്കാക്കേണ്ടത്. നിലവിലെ വ്യവസ്ഥയനുസരിച്ച് ഓരോ വർഷത്തെ തുടർച്ചയായ സർവീസിനും 15 ദിവസത്തെ വേതനം എന്ന നിരക്കിൽ ഗ്രാറ്റുവിറ്റി ലഭ്യമാകും. ജീവനക്കാരന്റെ അവസാനമാസത്തെ ശമ്പളത്തെ 26 കൊണ്ടു ഹരിച്ചാണ് ഒരു ദിവസത്തെ വേതനം കണക്കാക്കേണ്ടത്. ഗ്രാറ്റുവിറ്റി കണക്കാക്കാൻ അടിസ്ഥാന ശമ്പളവും ഡിഎയും മാത്രം കണക്കിലെടുത്താൽ മതി.

? *തൊഴിലാളിയുടെ അനുമതിയോടെ ഓവർടൈം ജോലി ചെയ്യിക്കുകയാണെങ്കിൽ ഓവർടൈം വേജ് ലഭിക്കുമോ.*

തീർച്ചയായും ലഭിക്കും.

? *നീണ്ടകാല രോഗാവധി (sick leave) എടുക്കേണ്ടിവന്നാൽ പുതിയ നിയമപ്രകാരം പിരിച്ചുവിടാൻ വകുപ്പുണ്ടോ.*

വ്യവസായ തർക്ക നിയമത്തിലെ ഇപ്പോഴുള്ള വ്യവസ്ഥ അനുസരിച്ചുതന്നെ, തുടർച്ചയായ അനാരോഗ്യം ഉള്ളവരെ നഷ്ടപരിഹാരമൊന്നും കൂടാതെ സർവീസിൽനിന്നു നീക്കാവുന്നതാണ്. എങ്കിലും ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ടാകും. പുതിയ കോഡിലും സമാന വ്യവസ്ഥ തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

? *കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്ക് എല്ലാ വർഷവും ഗ്രാറ്റുവിറ്റി ലഭിക്കുമോ.*

സാധാരണ ഗതിയിൽ 5 വർഷത്തെ തുടർച്ചയായ സർവീസുള്ളവർക്കു മാത്രമാണ് ഗ്രാറ്റുവിറ്റിക്ക് അർഹതയുള്ളത്. എന്നാൽ, പുതിയ കോഡ് പ്രകാരം 5 വർഷത്തിൽ കുറഞ്ഞ, ഒരു നിശ്ചിത കാലത്തേക്കു നിയമിക്കപ്പെടുന്ന ജീവനക്കാർക്കും അവർ സേവനം ചെയ്ത വർഷങ്ങൾക്ക് ആനുപാതികമായ ഗ്രാറ്റുവിറ്റി ലഭിക്കും. ഗ്രഡിക്കുക - ഫിക്സഡ് ടേം എംപ്ലോയ്മെന്റ് എന്ന പുതിയ വ്യവസ്ഥ പ്രകാരം നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കു മാത്രമേ, അഞ്ചു വർഷത്തെ സർവീസില്ലെങ്കിലും ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ടാകൂ. തൊഴിലാളി മരണപ്പെടുക, അവശതമൂലം ജോലിയിൽനിന്നു വിട്ടുപോകുക എന്നീ സാഹചര്യങ്ങളിൽ 5 വർഷത്തെ തുടർച്ചയായ സർവീസ് എന്ന വ്യവസ്ഥ ബാധകമല്ല.

? *പുതിയ നിയമപ്രകാരം ഇപിഎഫിൽ എത്ര കാലം അംശദായം അടച്ചാലാണു പെൻഷൻ ലഭിക്കുക.*

ഇപ്പോഴത്തെ നിയമപ്രകാരം 10 വർഷത്തെ സർവീസെങ്കിലും ഉള്ളവർക്കാണു പെൻഷൻ ലഭിക്കുക. പാർലമെന്റ് അംഗീകരിച്ച സാമൂഹിക സുരക്ഷാ ചട്ടത്തിന്റെ ഭാഗമായി പുതിയ പെൻഷൻ പദ്ധതി പ്രഖ്യാപിച്ചാൽ മാത്രമേ, ഈ 10 വർഷം എന്ന പരിധിയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ എന്നറിയാൻ കഴിയൂ.

? *തുടർച്ചയായി 10 കൊല്ലത്തിലേറെ ഇഎസ്ഐ അംശമായ വ്യക്തിക്ക് 10 വർഷത്തിനു ശേഷം ജോലി നഷ്ടമായാൽ തുടർന്നു ഇഎസ്ഐ ആനുകൂല്യം ലഭിക്കുമോ.*

ഇല്ല. സമയപരിധിയിൽ വിരമിക്കുന്നവർക്കും വൊളന്ററി റിട്ടയർമെന്റ് വഴി സർവീസിൽനിന്നു പിരിഞ്ഞു പോകുന്നവർക്കും മാത്രമേ, ചികിത്സാനുകൂല്യം ലഭിക്കൂ.

? *തൊഴിലാളിയും തൊഴിൽദാതാവും അടയ്ക്കേണ്ട ഇഎസ്ഐ, ഇപിഎഫ് വിഹിതത്തിൽ പുതിയ നിയമം എന്തെങ്കിലും മാറ്റം വരുത്തുമോ.*

ഇപിഎഫ് വിഹിതത്തിന്റെ കാര്യത്തിൽ മാറ്റങ്ങളൊന്നും തന്നെ പുതിയ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ഇഎസ്ഐയുടെ കാര്യത്തിൽ സാമൂഹിക സുരക്ഷാ ചട്ടത്തിന്റെ റൂളുകൾ പ്രഖ്യാപിച്ചാൽ മാത്രമേ, വിഹിത നിരക്കിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നറിയാൻ കഴിയൂ.

? *പുതുക്കിയ തൊഴിൽ നിയമങ്ങൾ അങ്ങ് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ എങ്ങനെ ബാധിക്കും.*

നിലവിലെ നിയമങ്ങളിൽ മാറ്റം വരുത്തുന്ന ഒരു വ്യവസ്ഥയും പൊതുവേ, പുതിയ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, വ്യവസായ ബന്ധ ചട്ടത്തിൽ 'ഇൻഡസ്ട്രി' എന്ന പദത്തിനു നൽകിയിട്ടുള്ള നിർവചനത്തിൽനിന്ന് സോഷ്യൽ, ചാരിറ്റബിൾ സേവനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. അതിനാൽ ചാരിറ്റബിൾ ട്രസ്റ്റുകളും സൊസൈറ്റികളും നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക്, ഈ കോഡിന്റെ സംരക്ഷണം ലഭിക്കാനിടയില്ല. ഇപ്പോൾ പ്രാബല്യത്തിലുള്ള 1947ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ടിൽ തൊഴിലാളി എന്ന പദത്തിനു നൽകിയിട്ടുള്ള നിർവചനത്തിൽ ടീച്ചർമാർ ഉൾപ്പെടാത്തതിനാൽ ടീച്ചർമാർക്ക് ആ നിയമത്തിന്റെ സംരക്ഷണവും ലഭ്യമല്ല.

? *2009ൽ സുപ്രീംകോടതി നൽകിയ വിധിന്യായത്തിന് സെൽഫ് ഫിനാൻസിങ്, എയ്ഡഡ് കോളജുകളിലെയും സ്കൂളുകളിലെയും അധ്യാപകർക്കു ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ട്. പുതിയ നിയമം അതിൽ എന്തെങ്കിലും മാറ്റം വരുത്തുമോ.*

നിശ്ചിതകാല കരാർ തൊഴിലാളികൾക്ക് 5 വർഷത്തെ തുടർച്ചയായ സേവനമില്ലെങ്കിലും അവർ സേവനമനുഷ്ഠിച്ച വർഷങ്ങൾക്ക് ആനുപാതികമായ ഗ്രാറ്റുവിറ്റി നൽകേണ്ടതുണ്ട് എന്ന ഭേദഗതിയല്ലാതെ, ഗ്രാറ്റുവിറ്റിയുമായി ബന്ധപ്പെട്ട മറ്റൊരു ഭേദഗതിയും പുതിയ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ പഴയ വ്യവസ്ഥകൾ തന്നെ തുടരും.

? *രജിസ്ട്രാർ ഓഫ് കമ്പനീസിൽ രജിസ്റ്റർ ചെയ്ത ഐടി സ്റ്റാർട്ടപ്പുകൾക്കും പുതിയ കോഡുകൾ ബാധകമാണോ; അല്ലെങ്കിൽ പിന്നെ ഏതു നിയമങ്ങളാണു ബാധകം.*

അത്തരത്തിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും പുതിയ 4 കോഡുകളും ബാധകമാകും.

? *പുതിയ കോഡ് പ്രകാരം സ്ഥിരം ജോലി എന്നത് ഇല്ലാതാകുമോ? കരാർ ജോലിക്കാർക്കു വാരിപ്പിടി കൊടുക്കാൻ ബാങ്കുകൾ തയാറാകുമോ.*

സ്ഥിരം ജോലിക്കാർക്കുള്ള സംരക്ഷണം നഷ്ടപ്പെടാനിടയുള്ള വ്യവസ്ഥകളൊന്നും പുതിയ കോഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ഒരു നിശ്ചിതകാലത്തേക്കു മാത്രമായി ജോലിക്കാരെ നിയമിക്കുന്ന രീതി നിയമാനുസൃതമാക്കാൻ ഉതകുന്ന പുതിയ വ്യവസ്ഥകൾ വ്യവസായ ബന്ധ ചട്ടത്തിലും സാമൂഹിക സുരക്ഷാ ചട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. രേഖാമൂലമുള്ള കരാർ പ്രകാരം നിശ്ചിത കാലത്തേക്കു നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ സേവന കാലാവധി കരാറിൽ പറഞ്ഞ രീതിയിൽത്തന്നെ സ്വമേധയാ അവസാനിക്കും.

നോട്ടിസ് നൽകുക, നഷ്ടപരിഹാരം നൽകുക, സർക്കാരിൽനിന്നു മുൻകൂർ അനുവാദം വാങ്ങുക തുടങ്ങിയ വ്യവസ്ഥകളൊന്നും ഇത്തരം ജീവനക്കാരുടെ കാര്യത്തിൽ ബാധകമാകില്ല. അത് ഒരർഥത്തിൽ തൊഴിൽ സുരക്ഷ ഇല്ലാതാക്കും എന്നതു ശരിയാണ്.

? *വെയർഹൗസിൽ ഞങ്ങൾ 38 ഹെഡ് ലോഡിൗ തൊഴിലാളികളുണ്ട്. ഹെഡ് ലോഡിൗ ക്ഷേമനിധിയുണ്ട്. ഇഎസ്ഐ പരിരക്ഷ ലഭിക്കുമോ; എന്താണു ചെയ്യേണ്ടത്.*

സംസ്ഥാനത്ത് കൊച്ചിൻ പോർട്ട് ട്രസ്റ്റിലെ ഹെഡ് ലോഡിൗ തൊഴിലാളികൾക്കു മാത്രമേ ഇഎസ്ഐ നിയമം ഇതുവരെ നടപ്പാക്കിയിട്ടുള്ളൂ. നിങ്ങൾക്കും ഇഎസ്ഐ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നിങ്ങളുടെ ക്ഷേമബോർഡിനു കഴിയും.

? *പുതിയ തൊഴിൽ നിയമം അനുസരിച്ച് യൂണിയൻ അംഗീകാരം കിട്ടണമെങ്കിൽ എത്ര ശതമാനം വോട്ട് വേണം? 50 ശതമാനത്തിൽ താഴെ വോട്ട് കിട്ടുന്നവർക്ക് മാനേജ്മെന്റുമായുള്ള ചർച്ചയിൽ പങ്കെടുക്കാൻ അവകാശമില്ലേ.*

ഒരു സ്ഥാപനത്തിൽ ഒരു റജിസ്ട്രേഡ് ട്രേഡ് യൂണിയൻ മാത്രമാണ് ഉള്ളതെങ്കിൽ ആ യൂണിയനെയും ഒന്നിലധികം യൂണിയനുകളുള്ള പക്ഷം 51% വോട്ട് ലഭിക്കുന്ന യൂണിയനെയും 'സോൾ ബാർഗെയ്നിൗ' യൂണിയനായി കണക്കാക്കും. ഒരു യൂണിയനും 51% വോട്ട് ലഭിക്കാത്ത സാഹചര്യമുണ്ടായാൽ 20 ശതമാനമോ അതിൽ കൂടുതലോ വോട്ട് ലഭിക്കുന്ന യൂണിയനുകൾക്കായോ 20% വോട്ടിനും ഒരു പ്രതിനിധി എന്ന അനുപാതത്തിൽ 'തർക്കപരിഹാര കമ്മിറ്റിയിൽ' പ്രാതിനിധ്യം നൽകും.

? *തൊഴിലാളികളെ ഒഴിവാക്കാൻ വേണ്ടി അവർക്ക് ഇഷ്ടമില്ലാത്ത വിഭാഗത്തിലെ കോറെപ്പാടുമുതേതക്കോമെന്നുന്ന സ്ഥിതിയുണ്ട്. ഇതിനു തടയിടാൻ പുതിയ നിയമത്തിൽ വ്യവസ്ഥയുണ്ടോ.*

പുതിയ കോഡിൽ ജീവനക്കാരുടെ സ്ഥലമാറ്റവുമായി ബന്ധപ്പെട്ട ഒരു വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, വ്യവസായ ബന്ധ ചട്ടത്തിന്റെ ഭാഗമായ സ്റ്റാൻഡിങ് ഓർഡേഴ്സുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രഖ്യാപിക്കുമ്പോൾ ഇക്കാര്യം ഉൾപ്പെടുത്താനിടയുണ്ട്. കേരളത്തിൽ പ്രാബല്യത്തിലുള്ള മോഡൽ സ്റ്റാൻഡിങ് ഓർഡേഴ്സിൽ നിന്ന് സ്ഥലമാറ്റവുമായി ബന്ധപ്പെട്ട വ്യവസ്ഥ സംസ്ഥാന സർക്കാർ 2010 മാർച്ച് 23ലെ വിജ്ഞാപന വഴി നീക്കം ചെയ്തിട്ടുണ്ട്. അതിനാൽ കേരളത്തിൽ സ്റ്റാൻഡിങ് ഓർഡേഴ്സ് നിയമം ബാധകമായ (50 തൊഴിലാളികളുള്ള) സ്ഥാപനങ്ങളിലെ ജീവനക്കാരെ സ്ഥലം മാറ്റുന്നതിൽ ഇപ്പോൾത്തന്നെ നിയമതടസ്സമുണ്ട്.

? *ഹാക്കർ നിയമത്തിലെ സെക്ഷൻ 108 പ്രകാരം വനിതാ തൊഴിലാളികളെ രാത്രി ജോലി ചെയ്യിക്കരുതെന്ന വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റമോ പുനർനിർണയമോ ഉണ്ടോ.*

പുതിയ തൊഴിൽ സുരക്ഷാ ചട്ടത്തിലാണ് ഹാക്കർ നിയമം ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ചട്ടത്തിലെ വകുപ്പ് 43 അനുസരിച്ച് വ്യവസ്ഥകൾക്കു വിധേയമായി വനിതാ ജീവനക്കാരെ രാത്രിയും ഹാക്കർനികളിൽ ജോലി ചെയ്യിപ്പിക്കാവുന്നതാണ്.

? *കോവിഡ്കാല വരുമാനനഷ്ടത്തിന്റെ പേരിൽ സ്ഥാപനങ്ങൾ ജീവനക്കാരെ ഒഴിവാക്കുന്നുണ്ട്. ഈ തൊഴിലാളികൾക്കു പുതിയ നിയമം സഹായമേകുമോ.*

കോവിഡ് പോലുള്ള ദുരന്ത സാഹചര്യം കണക്കിലെടുത്ത് ജീവനക്കാരെ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളൊന്നും പുതിയ കോഡിൽ ഉൾപ്പെടുത്തിയിട്ടില്ല. പക്ഷേ, നിലവിലുള്ള നിയമങ്ങളിലെയും പുതിയ കോഡുകളിലെയും വ്യവസ്ഥകളനുസരിച്ച് ജീവനക്കാരെ പിരിച്ചുവിടാൻ നോട്ടിസ് നൽകുക, നഷ്ടപരിഹാരം നൽകുക, സർക്കാരിനെ അറിയിക്കുക, ചില സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങുക തുടങ്ങിയ ഒട്ടേറെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്.

? *പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിലുള്ള തൊഴിലാളികൾക്ക് ഇഎസ്ഐയിലേക്കു മാറാൻ പറ്റുമോ?*

നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് ഇഎസ്ഐ നിയമം പ്ലാന്റേഷൻ തൊഴിലാളികൾക്കു ബാധകമല്ല. എന്നാൽ, പുതിയ സാമൂഹിക സുരക്ഷാ ചട്ടത്തിലെ വ്യവസ്ഥകളനുസരിച്ച് പ്ലാന്റേഷൻ ഉടമയ്ക്കു താൽപര്യമുണ്ടെങ്കിൽ ഇഎസ്ഐ നിയമം ബാധകമാക്കാവുന്നതാണ്.

? *കരാറെടുക്കുമ്പോൾ കരാറുകാരൻ കെട്ടിവയ്ക്കേണ്ടി വരുന്ന കരുതൽ തുക തൊഴിലാളിയിൽനിന്ന് ഈടാക്കണമെന്ന വ്യവസ്ഥ പുതിയ ചട്ടത്തിലുണ്ടോ.*

പുതിയ തൊഴിൽ സുരക്ഷാ ചട്ടത്തിൽ അത്തരത്തിലുള്ള ഒരു വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല.

? *ഐടി മേഖലയിലെ സോഫ്റ്റ്‌വെയർ എൻജിനീയർമാർക്ക് ഈ നിയമം ബാധകമാണോ; തൊഴിലാളി എന്നതിന്റെ നിർവചനം എന്താണ്.*

പുതിയ വ്യവസായ ബന്ധ ചട്ടത്തിലെ വകുപ്പ് 2(zr) അനുസരിച്ച് കായികം, അവിദഗ്ധം, വിദഗ്ധം, സാങ്കേതികം, മാപ്പുപറഞ്ഞൽ, ക്ലറിക്കൽ, സൂപ്പർവൈസറി എന്നീ ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവരെല്ലാം തൊഴിലാളി എന്ന നിർവചനത്തിന്റെ പരിധിയിൽ വരും.

എന്നാൽ, മാനേജർമാരും 18,000 രൂപയിൽ കൂടുതൽ വേതനമുള്ള സൂപ്പർവൈസർമാരും ഈ പരിധിയിൽ വരില്ല. അതിനാൽ മാനേജർ പദവിയിലോ സൂപ്പർവൈസറി പദവിയിലോ അല്ലാതെ ജോലി ചെയ്യുന്ന ഐടി മേഖലയിലെ എൻജിനീയർമാർക്കും പുതിയ വ്യവസായ ബന്ധ ചട്ടത്തിന്റെ സംരക്ഷണം ലഭിക്കും.

? *പുതിയ നിയമപ്രകാരം മിനിമം വേതനം എത്രയാണ്? ഇത് എന്നാണു നിലവിൽ വരിക.*

പുതിയ വേജ് കോഡ് പ്രകാരം അതതു സംസ്ഥാന സർക്കാരുകൾക്കും കേന്ദ്രസർക്കാരിനും ജീവനക്കാരുടെ മിനിമം വേതനം പ്രഖ്യാപിക്കാവുന്നതാണ്. ഒരു മേഖലയിലെ ജീവനക്കാർക്ക് രണ്ടു സർക്കാരുകളും മിനിമം വേതനം പ്രഖ്യാപിക്കുന്ന പക്ഷം, അവയിൽ ഏതാണോ കൂടുതൽ അതായിരിക്കും പരിഗണിക്കുക.

പുതിയ ചട്ടങ്ങൾ പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു തുടങ്ങിയാലേ ഇക്കാര്യത്തിൽ വ്യക്തതയുണ്ടാവൂ.

Scanned with CamScanner